പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 3479 | 24.06.2013-ൽ മറുപടിയ്ക്ക്

<u>ചിറക്കര മാധവൻകുട്ടിയുടെ തിരോധാനവുമായി ബന്ധപ്പെട്ട കേസ്</u>

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ജി.എസ്. ജയലാൽ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) | പ്രശസ്ത കഥകളി നടൻ ശ്രീ.ചിറക്കര മാധവൻകുട്ടിയുടെ തിരോധാനവുമായി ബന്ധപ്പെട്ട് കൊല്ലം ജില്ലയിലെ പരവൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിന്മേൽ അന്വേഷണം നടത്തിയിരുന്നുവോ; | (എ) | പ്രശസ്ത കഥകളി നടൻ ശ്രീ.ചിറക്കര മാധവൻകുട്ടിയുടെ തിരോധാനവുമായി ബന്ധപ്പെട്ട് കൊല്ലം ജില്ലയിലെ പരവൂർ പോലീസ് സ്റ്റേഷനിൽ Crime No. 1022/11 u/s 57 A of KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |
| (ബി) | എങ്കിൽ നാളിതുവരെ സ്വീകരിച്ച അന്വേഷണ നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; അന്വേഷണം ഊർജ്ജിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | ടി കേസ് ഊർജിത അന്വേഷണത്തിനായി 7.12.2012 -ാം തീയതി മുതൽ കൊല്ലം സിറ്റി ക്രൈം ഡിറ്റാച്ച്മെന്റ് അസിസ്റ്റന്റ് കമ്മീഷണർക്ക് കൈമാറിയിട്ടുള്ളതും കാണാതായ ശ്രീ. ചിറക്കര മാധവൻകുട്ടിയെ കണ്ടെത്തുന്നതിനായി പ്രമുഖ ദിനപത്രങ്ങളിൽ ഫോട്ടോ സഹിതം പരസ്യം നൽകിയിട്ടുള്ളതും ടിയാൻ സഞ്ചരിക്കുവാനും താമസിക്കുവാനും സാധ്യതയുള്ള സ്ഥലങ്ങളിൽ അന്വേഷണം നടത്തിയിട്ടുള്ളതും എന്നാൽ നാളിതുവരെ കാണാതായ വ്യക്തിയെ കുറിച്ച് യാതൊരു വിവരവും ലഭിച്ചിട്ടില്ല. ടി കേസിൻമേൽ ഊർജിത അന്വേഷണം തുടർന്നു വരുന്നു. |

സെക്ഷൻ ഓഫീസർ